# പതിനാലാം കേരള നിയമസഭ

## എഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2707 18.08.2017-ൽ മറുപടിക്ക്

## പ്ലസ് വൺ സീറ്റുകളിൽ മാർജിനൽ ഇൻക്രിമെന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ അധ്യയനവർഷം പ്ലസ് വൺ സീറ്റുകളിൽ നേരിയ വർദ്ധനവ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 2017-18 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെയും പ്ലസ് വൺ സീറ്റുകളിൽ 20% മാർജിനൽ സീറ്റ് വർദ്ധനവ് വരുത്തി 18.04.2017-ലെ സ.ഉ(കൈ) നം.28/17/പൊവി നം. ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്. 08.08.2017-ലെ സ.ഉ(കൈ) നം.90/17/പൊവി നം. ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ അടിസ്ഥാന സൗകര്യമുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 10% സീറ്റ് വർദ്ധനവ് കൂടി അനുവദിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത സംവിധാനം എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾക്കും ബാധകമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) എയ്ഡഡ് സ്കൂളുകൾക്ക് മേൽ ഉത്തരവ് ബാധകമാണ്. എന്നാൽ ടി ഉത്തരവ് അൺ-എയ്ഡഡ് സ്കൂളുകൾക്ക് ബാധകമല്ല. |
| (സി) മുൻ അധ്യയനവർഷം ഇക്കാര്യത്തിലുണ്ടായ ബുദ്ധിമുട്ടുകൾ പരിശോധിക്കുമോ; വിശദമാക്കുമോ; | (സി) മുൻ അധ്യയന വർഷം ഇക്കാര്യത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) പ്ലസ് ടൂ സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നതുമായി ബന്ധപ്പെട്ട കാരണങ്ങൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ? | (ഡി) ഹയർ സെക്കന്ററി/സർക്കാർ/ എയ്ഡഡ് /സ്വാശ്രയഎഞ്ചിനീയറിംഗ് കോളേജുകൾ/പോളിടെക്നിക്കുകൾ/ ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നീ മേഖലകളിൽ മതിയായ അപേക്ഷകരില്ലാതെ സീറ്റുകൾ/ ബാച്ചുകൾ/അനുവദിച്ച കോഴ്സുകൾ എന്നിവ ഒഴിഞ്ഞു കിടക്കുന്നത് പുനക്രമീകരിക്കുന്നതു സംബന്ധിച്ച് |

വിശദമായ പഠനം നടത്തുന്നതിനായി ഉന്നതവിദ്യാഭ്യാസ സെക്രട്ടറി കൺവീനറായി 11.08.2017-ലെ 1521/2017/ഉ.വി.വ നം.ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**